## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3083 | 18-06-2019 -ൽ മറുപടിക്ക്

### മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഉണ്ടായ പ്രദേശത്ത് താമസിക്കുന്ന ജനങ്ങളുടെ സുരക്ഷിതത്വം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ***ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ. അനൂപ് ജേക്കബ്*** | | **ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കഴിഞ്ഞ പ്രളയകാലത്ത് വൻതോതിൽ മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഉണ്ടായ പ്രദേശത്ത് താമസിക്കുന്ന ജനങ്ങളുടെ സുരക്ഷിതത്വം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | വരുന്ന കാലവർഷകാലത്ത് ഇത്തരം പ്രദേശങ്ങളിൽ കൂടുതൽ സ്ഥലത്ത് മണ്ണിടിച്ചിൽ ഉണ്ടാകുവാനുള്ള സാധ്യത കണക്കിലെടുത്ത് എന്തൊക്കെ സുരക്ഷാ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) | പ്രാദേശിക അടിസ്ഥാനത്തിൽ, ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ/ ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ, മുൻപ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമിക്കുവാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തി വരുന്നു. നിലവിൽ 701 വീടുകൾ ദുരന്ത സാധ്യതയുള്ള സ്ഥലങ്ങളിൽ ആണ് എന്നും, മാറ്റി സ്ഥാപിക്കണം എന്നും ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുണ്ട്. ഉരുൾപൊട്ടൽ/ മണ്ണിടിച്ചിൽ എന്നിവ കാരണം വാസയോഗ്യം അല്ലാതായ സ്ഥലങ്ങളിൽ വീടുണ്ടായിരുന്ന ദുരന്ത ബാധിതർക്ക് വാസയോഗ്യമായ 3-5 സെൻറ് സ്ഥലം |

| | | | |
|---|---|---|---|
| | | | വാങ്ങുവാൻ 6 ലക്ഷം രൂപ GO (Ms) No. 7/2018/DMD dated 21-06-2018 പ്രകാരം അനുവദിച്ചിട്ടുണ്ട്. കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ, 2019 അനുസരിച്ച ജില്ലാ അതോറിറ്റികൾ ചെയ്യേണ്ടുന്ന പ്രവർത്തികളിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. മലയോര ജില്ലകളിൽ, എല്ലാ ദിവസവും ഭൂജല വകുപ്പ്, മൈനിംഗ് ആൻഡ് ജിയോളജി, മണ്ണ് സംരക്ഷണ വകുപ്പ് എന്നീ വകുപ്പകളിൽ ഒന്നിലെ ജിയോളജിക്കൽ അസിസ്റ്റന്റ്/ മണ്ണ് സംരക്ഷണ ഉദ്യോഗസ്ഥൻ/ അസിസ്റ്റന്റ് ജിയോളജിസ്റ്റിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രങ്ങളിലേക്ക് 24 x 7 നിയോഗി ക്കുവാൻ നിർദ്ദേശിക്കുക. മഴയുടെ പ്രവചനത്തെ അടിസ്ഥാനപ്പെടുത്തി അതാത് ജില്ലാ അതോറിറ്റികൾക്ക് ജില്ലയിലെ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യത സംബന്ധിച്ച് അവലോകനം നൽകുക. ലാൻഡ് റവന്യൂ വകുപ്പിന്റെ പ്രവർത്തന രേഖയിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. 2018 ൽ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ എന്നിവ ബാധിക്കുകയും, വാസയോഗ്യമല്ല എന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ കണ്ടെത്തുകയും ചെയ്ത വീടുകളിൽ താമസിക്കുന്ന ദുരന്ത ബാധിതരെയും, പുറമ്പോക്കിൽ താമസക്കാരായിരുന്ന വീട് പൂർണ്ണമായും തകരുകയോ, വാസയോഗ്യ മല്ലാതായി തീരുകയോ ചെയ്ത കുടുംബങ്ങളെയും, ദുരിതാശ്വാസ സഹായം |

| | | | |
|---|---|---|---|
| | | | ഉപയോഗപ്പെടുത്തി വീടിന്റെ പുനർനിർമ്മാണം പൂർത്തികരിച്ചിട്ടില്ലാത്ത കുടുംബങ്ങളെയും ജില്ലയിൽ മഴയുടെ മഞ്ഞ അലേർട്ട് ലഭിക്കുമ്പോൾ ക്യാമ്പുകളിലേക്ക് മാറി താമസിക്കണം എന്ന് ഉപദേശിക്കുക. ഇതിനായി ഈ കുടുംബങ്ങളുടെ മൊബൈൽ നമ്പർ പ്രത്യേകമായി ജില്ലാ ഇ.ഒ.സിയിൽ സൂക്ഷിക്കുക. ജില്ലയിൽ ഓറഞ്ച് അലേർട്ട് ആണ് എങ്കിൽ നിർബന്ധമായും ഇവരെ ക്യാമ്പുകളിലേക്ക് മാറി താമസിപ്പിക്കണം. ഇവയിൽ ഏതെങ്കിലും കുടുംബം കാലവർഷ-തുലാവർഷ മാസങ്ങളിൽ ഏതൊരു അവസരത്തിലും ക്യാമ്പിലേക്ക് മാറി താമസിക്കണം എന്ന ആവശ്യം ഉന്നയിച്ചാൽ, അവർക്കായി ക്യാമ്പ് നടത്തണം. |
| സി) | ഏറ്റവും കൂടുതൽ പ്രശ്നബാധിത പ്രദേശങ്ങളായി കണക്കാക്കിയിട്ടുള്ളത് ഏതൊക്കെ ജില്ലകളെയാണെന്ന് വ്യക്തമാക്കുമോ? | സി) | ഇടുക്കി, വയനാട്, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കോട്ടയം, പത്തനംതിട്ട, എറണാകുളം, കണ്ണൂർ, മലപ്പുറം, തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ ഉരുൾപൊട്ടൽ സാധ്യത നിലനിൽക്കുന്നു. |

സെക്ഷൻ ഓഫീസർ